നം.കെ.എസ്.എ-കെ.ടി.എം.പി5/1040/2019 തീയതി :19.08.2019

# കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2018 മുതൽ 31.05.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.06.2019 മുതൽ 06.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സി.ആർ.ബീനാകുമാരി | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി സ്മിത ടി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസഫ് ദേവസ്യ | 01.04.18 മുതൽ 15.01.19 വരെ |
| | ശ്രീമതി എസ്.ശൈലജാകുമാരി, പ്രസിഡന്റ് ഇൻ ചാർജ്ജ് | 16.01.2019 മുതൽ 05.02.2019 വരെ |
| | ശ്രീമതി ബീന നൗഷാദ് | 06.02.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സജിത്ത് റ്റി. | 01.04.18 മുതൽ 31.03.19 വരെ |

## സി) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.റെജി വി.ജെ. | 01.04.18 മുതൽ 07.09.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി കെ.കെ.ബിന്ദു | 07.09.2018 മുതൽ 31.10.2018 വരെ |
| | ശ്രീമതി സത്മ എം.സി. | 31.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി രശ്മി എസ്.കുമാർ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.വിജയകുമാർഎം.ജി | 01.04.18 മുതൽ 13.07.2018 വരെ |
| | ശ്രീമതി ജയറാണി എസ്. | 26.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അഞ്ജന.എൻ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.മാത്യു ഫിലിപ്പ് | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി കെ.ബീന | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരീഷ് കുമാർ ജെ. | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ലൈലാമോൾ വർഗ്ഗീസ് | 01.04.2018 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.രാജേഷ് എബ്രഹാം | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സിസിലിക്കുട്ടി ജോസഫ് | 01.04.18 മുതൽ 31.3.2019 വരെ |

**ഡി) ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ |
| 2-2 | അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല |
| 2-3 | പണം പിൻവലിക്കൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയായി അവശേഷിക്കുന്നു |
| 2-5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ |
| 2-6 | വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ്-രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |
| 2-7 | വാടക-കുടിശ്ശിക ഈടാക്കിയിട്ടില്ല |
| 2-8 | കടമുറി ഒഴിഞ്ഞ് കിടന്നത് മൂലം വരുമാനനഷ്ടം |
| 2-9 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും |

| | |
|---|---|
| | ലൈസൻസ് നൽകൽ |
| 2-10 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ |
| 2-11 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അവസാനഗഡു വകയിരുത്തുകയോ വിനിയോഗിക്കുകയോ ചെയ്യുവാൻ കഴിയാതിരുന്നത് മൂലം ലക്ഷം രൂപ സ്ഥാപനത്തിന് ലാപ്സായി |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വാട്ടർ കിയോസ്ക് സ്ഥാപിച്ചത്-നാളിതുവരെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ല |
| 3-2 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 3-3 | സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല |
| 3-4 | അങ്കണവാടികളുടെ വയറിംഗ്-ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി |
| 3-5 | വീട് വാസയോഗ്യമാക്കൽ-പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു |
| 3-6 | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-7 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 3-8 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു |
| 3-9 | പാലിയേറ്റീവ് കെയർ-നാളിതുവരെ സാധനങ്ങൾ ലഭ്യമായില്ല |
| 3-10 | ലൈഫ്(ജനറൽ)ഭവന നിർമ്മാണം-അവലോകനം |
| 3-11 | കൃഷി വികസനം-സബ്സിഡി തുക പണമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകി |
| 3-12 | പ്രോജക്ട് 29/19-കന്നുകുട്ടി പരിപാലനം(വനിത)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 3-13 | തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂർ നൽകിയത്-4 ലക്ഷം രൂപ റീകൂപ്പ് ചെയ്യുവാൻ അവശേഷിക്കുന്നു |
| 3-14 | പ്രോജക്ട് 121/19 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-നാളിതുവരെ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും പലിശ സഹിതം മുൻകൂർ തിരികെ ഈടാക്കേണ്ടതാണ് |
| 3-15 | ആദ്യ പാർട്ട് ബില്ലിൽ അധികം തുക കരാറുകാരന് നൽകി |
| 3-16 | മാന്തുരുത്തി-കല്ലോലി റോഡ് റീടാറിംഗ് വാർഡ് 1-ബാരൽ വില, നിയമാനുസൃത ഫൈൻ എന്നിവ ഈടാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-17 | ഖരമാലിന്യ നിർമ്മാർജ്ജനം |
| 3-18 | ആശ്രയ പദ്ധതി |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| | |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 21.2.19 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർഥം |
|---|---|---|
| മുന്നിരിപ്പ് | 1,86,52,195.70 | 2,42,94,689 |
| വരവ് | 14,23,02,000 | 9,03,48,250 |
| ആകെ | 16,09,54,195 | 11,46,42,939 |
| ചെലവ് | 15,29,46,506 | 8,78,95,442 |
| നീക്കിയിരിപ്പ് | 80,07,689.70 | 2,67,47,497 |

## 1-2 വാർഷിക ധനകാര്യപത്രിക

2017-18 വർഷത്തെ വാർഷികകണക്കുകൾ 4.5.2019ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 29.5.19-30.5.19 |

പരിശോധനയുടെ അടിസ്ഥാനത്തിൽ കെ.എസ്.എ-കെ.ടി.എം.പി5/759/19 തീയതി 3.6.19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,42,94,689 |
| വരവ് | 9,03,48,250 |
| ആകെ | 11,46,42,939 |
| ചെലവ് | 8,78,95,442 |
| നീക്കിയിരിപ്പ് | 2,67,47,497 |

## 1-5 ഫണ്ട് വിനിയോഗം

എ)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,56,36,000 | 1,56,36,000 | 1,53,24,169 | 3,11,831 |
| വികസനഫണ്ട് എസ്.സി.പി. | 0 | 52,66,000 | 52,66,000 | 43,32,539 | 9,33,461 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,09,000 | 3,09,000 | 3,09,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 70,70,000 | 70,70,000 | 6,96,068 | 63,73,932 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,03,000 | 32,03,000 | 24,78,756 | 7,24,244 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 91,70,493 | 91,70,493 | 49,67,823 | 42,02,670 |
| എസ്.ബി.ടി.ലിറ്ററസി | 2,294 | 80 | 2,374 | 2,374 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 5,481 | 1,13,85,149 | | 1,13,82,016 | 8,614 |
| ബി ഫണ്ട് | 0 | 31315740 | 3,13,15,740 | 3,13,15,740 | 0 |
| തനതുഫണ്ട് | | 70,42,650 | | 89,91,584 | |

**ബി) <u>വിവിധ ഫണ്ടുകളിലായി ലഭിച്ച 1.25 കോടി രൂപ വിനിയോഗിച്ചില്ല</u>**

2018-19 വർഷം വിവിധ ഫണ്ടുകളിലായി ലഭിച്ച 1,25,46,138 രൂപ യഥാസമയം വിനിയോഗിക്കുവാൻ കഴിയാതിരുന്നത് മൂലം ലാപ്സായി. വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ മൂലം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും ഫണ്ടുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 138 | 6,32,86,359 | 106 | 4,60,82,057 | 11 | 21 |

<u>വാർഷിക പദ്ധതി</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.02.2019 ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 17.02.2018-25.2.18 |
| വികസനസെമിനാർ | 13.3.18 |
| ഊരുകൂട്ടം | 14.2.18 |
| ഭിന്നശേഷി ഗ്രാമസഭ | 22.2.18 |
| സ്പെഷ്യൽ ഗ്രാമ സഭ | 14.2.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 6,32,86,359/- രൂപയും ആകെ ചെലവ് 4,60,82,057/- രൂപയുമാണ്. ചെലവുശതമാനം 73 %. അംഗീകാരം ലഭിച്ച 138 പ്രോജക്കുകളിൽ 117 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| | കൃഷി ഓഫീസർ | 7 | 7 | 47,78,775 | 22,10,505 | 46 |
| | വെറ്ററിനറി സർജൻ | 6 | 6 | 41,18,000 | 41,18,000 | 100 |
| | മെഡിക്കൽ ഓഫീസർ - PHC | 3 | 3 | 9,76,550 | 9,76,549 | 99 |
| | മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 4,00,000 | 4,00,000 | 100 |
| | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 6 | 6 | 1,34,43,800 | 1,03,02,987 | 77 |
| | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 54,70,526 | 48,45,563 | 86 |
| | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 20 | 17 | 77,05,769 | 64,33,341 | 83 |
| | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്. | 7 | 7 | 18,26,114 | 18,11,114 | 99 |
| | അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 59 | 2,12,66,825 | 1,20,04,465 | 56 |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 23,00,000 | 23,00,000 | 100 |
| | അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 10,00,000 | 6,79,537 | 68 |
| **ആകെ** | | **138** | **117** | **6,32,86,359** | **4,60,82,057** | **73** |

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. എല്ലാ വർക്കിങ്ങ് ഗ്രൂപ്പുകളും 2018-19 വർഷത്തിൽ ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളു.ആയതിന്റെ മിനിട്സും പലതിലും പൂർണ്ണമല്ല.

കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>വികസനകാര്യം</u>

വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള നടപടിക്രമങ്ങൾ ഫലപ്രദമാക്കുവാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ കീഴിലുള്ള വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി തയ്യാറാക്കുന്നതിൽ ഫലപ്രദമായ പങ്ക് വഹിച്ചിട്ടില്ല 2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധപദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ഉൾപ്പെട്ട 26 എണ്ണത്തിൽ 25 എണ്ണവും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

<u>ധനകാര്യം</u>

ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടായിട്ടുണ്ട്.

<u>ആരോഗ്യം/വിദ്യാഭ്യാസം</u>

പദ്ധതി രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്ത് പ്രൊജക്റ്റ് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു. ശുചിത്വ ജാഗ്രതാ ശുചീകരണ പ്രവർത്തനങ്ങൾ, സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശുപാർശ ചെയ്തിരുന്നു.

<u>ക്ഷേമകാര്യം</u>

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പ്രവർത്തനമുള്ളതായി കാണുന്നത്. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

# 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 ലെ വരവുചെലവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5,481 | 11,63,346 | 11,68,827 | 11,60,213 | 8,614 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,10,71,365 | 1,10,71,365 | 1,10,71,365 | 0 |
| | 5,481 | 1,22,34,711 | 1,22,40,192 | 1,22,31,578 | 8,614 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77,040 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 28,22,700 | 277 |
| വിധവാപെൻഷൻ | 94,36,000 | 782 |
| വാർദ്ധക്യകാലപെൻഷൻ | 1,54,63,700 | 1312 |
| വികലാംഗപെൻഷൻ | 26,44,700 | 212 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 6,10,600 | 50 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.6.19 ന് 3.45 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,711/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിയ്ക്കുന്നു. വിവിധ സെക്ഷനുകൾക്ക് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ ചുമതലകൾ കൃത്യമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിക്കുകയും ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെയെല്ലാം ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. തൻവർഷം വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.4.19 | 2/19 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.9.18-3.10.18 | 2014-15 - 2017-18 | LBA(HQ)2/Unit 1/8A-109/18-19/23 dt.31.10.18(661) |

# 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).

4. പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

5. B 7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പും തൻവർഷത്തെ വരവുചെലവ്, നീക്കിയിരിപ്പ് എന്നിവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി - ട്രേഡേഴ്സ്, വാടക മുതലായവയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാൻറ്, കളക്ഷൻ, ബാലൻസ് പൊരുത്തപ്പെടുന്നില്ല.

7. B 9 ഷെഡ്യൂളിൽ പ്രൊവിഡൻറ് ഫണ്ട്, എസ്.എൽ.ഐ., ജി.ഐ.എസ്. ഇനങ്ങളിൽ റിക്കവറി രേഖപ്പടുത്തിയിട്ടുള്ള 10,900/- രൂപ ഏത് ജീവനക്കാരന്റെ പേരിൽ അടവാക്കേണ്ടതാണ് എന്നത് സംബന്ധിച്ച വ്യക്തത പഞ്ചായത്തിനില്ല.

8. എൻ പി എസ് സ്കീമിൽ ജീവനക്കാർക്ക് പ്രാൺ നമ്പർ ലഭിക്കുന്നതിന് മുമ്പ് ശമ്പളത്തിൽ നിന്നും ഈടാക്കിയ 38,673/- രൂപ ബാദ്ധ്യത കണക്കിൽ സൂക്ഷിച്ചിരിക്കുന്നു.

9. വാർഷിക കണക്കിനൊപ്പമുള്ള ട്രയൽ ബാലൻസിൽ നീക്കിയിരിപ്പ് ജനറേറ്റ് ചെയ്തിട്ടില്ല. (Transaction for the period ലെ തുകകൾ നീക്കിയിരിപ്പിൽ ഉൾപ്പെടുകയാണ് ചെയ്തിരിക്കുന്നത്.)

10. Prior Period Programme ചെലവുകളിൽ (280800501) ബാരൽ വിലയായി ലഭിച്ച 3,332/- രൂപ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കാതെ പഞ്ചായത്ത് ഫണ്ടിൽ ചേർത്തിരിക്കുന്നു.

11. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതായ ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക |
|---|---|
| 326779/26.04.18 | 1,000 |
| 751166/09.10.17 | 1,000 |
| 17480/17.01.18 | 1,250 |

12. B11, B 11(a) എന്നീ ഷെഡ്യൂളുകളിലെ ആകെ തുക B3 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. (തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്നുള്ള മൂലധന ചെലവ് പ്രത്യേകം നിർണ്ണയിച്ചിട്ടില്ല.)

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതു പരിശോധനയിൽ കണ്ട അപാകതകൾ

1) മാന്വൽ രസീതുകൾ ഉപയോഗിച്ച് നടത്തിയ പണം പിരിവിൽ ശ്രദ്ധിയ്ക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| മാന്വൽ രസീതു നമ്പർ | കെട്ടിട നമ്പർ, ഉടമയുടെ പേര്, വിലാസം | ഈടാക്കിയ തുകയുടെ വിശദാംശം | അപാകത |
|---|---|---|---|
| 19351/1 | 11/417<br>ലത പ്രസാദ്, പുലരി, അരണപ്പാറ | 2018-19 കെട്ടിട നികുതി 1620<br>ലൈബ്രറി സെസ് 81 | ഇ-പേമെന്റ് ആയി തുക ഒടുക്കിയതായി കാണുന്നു. |

| | | | |
|---|---|---|---|
| 19351/2 | 15/397<br>ഉഷ ബാലകൃഷ്ണൻ<br>പുതുപറമ്പിൽ, നെത്തല്ലൂർ | 2017-18<br>കെട്ടിട നികുതി 126 +126<br>ലൈബ്രറി സെസ് 7+7<br>പിഴപ്പലിശ 10 ഡി.എൻ.എഫ്. 5 | സഞ്ചയയിൽ കളക്ഷൻ വിവരം ചേർത്തിട്ടില്ല. |
| 19351/3 | 6/382<br>മത്തായി വർഗീസ്,<br>മനയ്ക്കലാട്ട്, നെടുംകുന്നം | 2018-19<br>കെട്ടിട നികുതി 361<br>ലൈബ്രറി സെസ് 19 | 118040106097/25.02.19 ആയി തുക വീണ്ടും ഈടാക്കിയിട്ടുണ്ട്.(കളക്ഷനിൽ ഇരട്ടിപ്പ്) |
| 19351/4 | 12/3 F<br>സേവ്യർ വർഗീസ്<br>പതാലിൽ, നെടുംകുന്നം | 2018-19<br>കെട്ടിട നികുതി 1452<br>ലൈബ്രറി സെസ് 73 | 118040107051/29.03.19 ആയി തുക വീണ്ടും ഈടാക്കിയിട്ടുണ്ട്.(കളക്ഷനിൽ ഇരട്ടിപ്പ്) |

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.2/28.06.19)ഐ.കെ.എമ്മിൽ റിപ്പോർട്ട് ചെയ്ത് പരിഹരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) ക്യാൻസൽഡ് റസീപ്റ്റ്സ് വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപെട്ടു. അപാകതകൾ ചുവടെ ചേർക്കുന്നു.

വിവിധ കാരണങ്ങളാൽ രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയതിന് അനുസൃതമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്താത്തതിനാൽ നികുതി ഒടുക്കാത്തയാളുടെ നികുതി ഒടുക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തുന്നു. ഐ.കെ.എം.ൽ റിപ്പോർട്ട് ചെയ്ത് അപാകത പരിഹരിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സാംഖ്യ രസീതു നമ്പർ, തീയതി, സ്റ്റേഷനറി നം. | രസീതിലെ മറ്റ് വിവരം | ക്യാൻസലേഷന്റെ കാരണം | അപാകതകൾ |
|---|---|---|---|
| 118040101292<br>02.06.18<br>312544 | ശ്രീനി പി. ഗോപാൽ, 2/512ആനിയറ ലക്ഷ്മി നിവാസ്.2018-19 പ്രോപ്പർട്ടി ടാക്സ് 1512 | കെട്ടിട നമ്പർ മാറി.(രസീതിൽ എഴുതിയത്) | ഡേ ബുക്ക് പ്രകാരം ശ്രീനി പി. ഗോപാൽ അന്നേ ദിവസം നികുതി ഒടുക്കിയതായി കാണുന്നില്ല. എന്നാൽ സഞ്ചയയിൽ അതേ തീയതിയിൽ അതേ രസീതു നമ്പരിൽ ശ്രീനി.പി. ഗോപലിന്റെ ഉടമസ്ഥതയിലുള്ള 2/512 കെട്ടിടത്തിന്റെ 18-19 ലെ നികുതി ഒടുക്കിയതായി കാണുന്നു. |
| 118040101595<br>19.06.18<br>--- | എം.ജെ.ജോൺ<br>2/458<br>തുക678 | ക്യാൻസലേഷൻ റിപ്പോർട്ട് പ്രകാരം തുക വ്യത്യാസം. | റസീപ്റ്റ് പ്രിന്റ് എടുത്തിട്ടില്ല.<br>ഡേ ബുക്ക പ്രകാരം അന്നേ ദിവസം എം.ജെ.ജോൺ നികുതി ഒടുക്കിയതായി കാണുന്നില്ല.എന്നാൽ സഞ്ചയയിൽ അതേ |

| | | | |
|---|---|---|---|
| | (ക്യാൻസലേഷൻ റിപ്പോർട്ടിൽ) | | തീയതിയിൽ അതേ രസീതു നമ്പരിൽ എം.ജെ ജോണിന്റെ ഉടമസ്ഥതയിലുള്ള 2/458 കെട്ടിടത്തിന്റെ 18-19 ലെ നികുതി ഒടുക്കിയതായി കാണുന്നു. |
| 118040102720<br>13.08.18<br>314005<br>(ക്യാൻസലേഷൻ റിപ്പോർട്ടിൽ) | ജോസഫ് ചാക്കോ,<br>9/160 | പ്രിന്റർ ഫാൾട്ട്. | സ്റ്റേഷനറി നം.314001 മുതൽ 314004 വരെ ക്യാൻസൻഡ് ആണെങ്കിലും 314002, 314003 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>314005, 314006 രസീതുകളിൽ വരവുണ്ടെങ്കിലും റിപ്പോർട്ടിൽ ക്യാൻസൽഡായി കാണിച്ചിരിക്കുന്നു. |

ഐ.കെ.എം.ന്റെ സഹകരണത്തോടെ ഗൗരവസ്വഭാവമുള്ള പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2 അടിസ്ഥാന വസ്തുനികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, 3) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ നികുതിനിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3 പണം പിൻവലിക്കൽ ശ്രദ്ധയിൽപെട്ട അപാകതകൾ

01.5.18 മുതൽ 31.5.19 വരെയുള്ള പണം പിൻവലിക്കലുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ 0/.19 ലെ റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചുവടെ പറയുന്ന ഇഷ്യൂ ചെയ്ത ചെക്കുകൾ പണമായി മാറ്റിയിട്ടില്ലെന്ന് കാണുന്നു. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നം. | തുക |
|---|---|---|
| NRSCB | 17480/17.01.18 | 1,250 |
| “ | 17196/26.05.17 | 2,000 |
| SBT | 326779/26.04.18 | 1,000 |
| “ | 751166/09.10.17 | 1,000 |

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയായി അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ മൂന്ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി കുടിശ്ശികയായി അവശേഷിക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കുടിശ്ശികയായ വർഷം |
|---|---|---|
| 1 | 5/318 | 2011-12 |
| | | |

| | | |
|---|---|---|
| 2 | 13/18/A | 2013-14 |
| 3 | 15/131/A | 2013-14 |

തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| | |
|---|---|
| 1 | റോബിൻ ഗ്രാനൈറ്റ്സ് |
| 2 | തിയോഫിലിസ് കോളജ് ഓഫ് നഴ്സിംഗ് |
| 3 | പി.ജി.എം. കോളേജ് |
| 4 | സെന്റ് തോമസ് കോളജ് |
| 5 | പഞ്ചായത്ത് പരിധിയിലുള്ള APCOS |
| 6 | ഗ്രേസ് ഡയഗ്നോസ്റ്റിക്സ് സെന്റർ |
| 7 | എംജിഡിഎം ഹോസ്പിറ്റൽ |

സഞ്ചയ പ്രകാരം ചുവടെ പറയുന്ന കെട്ടിടങ്ങൾ ഡോക്ടർമാർ ഉടമകളായ ആശുപത്രികളാണ്. ഈ സ്ഥാപനങ്ങളിലെ ഉടമകളുടെയുൾപ്പെടെയുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|
| 2/8 | ഡോ.തോമസ് ജോൺ |
| 15/342 | ഡോ.ശ്രീകല എം. |
| 15/571 | ഡോ.കെ.എൻ.പ്രതാപ് കുമാർ |

ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-6 വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നല്കുന്നത് സംബന്ധിച്ച സ.ഉ(കൈ)നം.106/17/ത.സ്വ.ഭ.വ തീ.26.5.2017 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ 2018-19 വർഷം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽ ഉത്തരവുപ്രകാരം സൂക്ഷിക്കേണ്ട സാക്ഷ്യപത്രം നികുതിയിളവ് നൽകിയ എല്ലാവരുടെയും ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും നികുതിയിളവ് നൽകുന്ന എല്ലാവരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 2-7 വാടക - കുടിശിക ഈടാക്കിയിട്ടില്ല

2018-19 വർഷത്തെ അക്കൗണ്ട്സ് പ്രകാരം മുൻവർഷത്തെ വാടക കുടിശികയിനത്തിൽ 69,990 രൂപ ലഭിക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കാലാവധി | കുടിശിക തുക |
|---|---|---|---|
| 1 | കുഞ്ഞമ്മ ദേവസ്യ | 16-17 കുടിശിക | 1,986 |
| | | | |

| | | | |
|---|---|---|---|
| 2 | കെ.എ.ഹസൻ റാവുത്തർ | - | 54 |
| 3 | പി.വി.രഘുത്തമൻ | | 3,465 |
| 4 | പി.വി.രഘുത്തമൻ | | 1,978 |
| 5 | പി.വി.രഘുത്തമൻ | | 2,808 |
| 6 | ഐ.വി.ജോർജ് | | 4,193 |
| 7 | സാബു ജോസഫ് | 9/17 – 3/18 | 5,005 |
| 8 | സാബു ജോസഫ് | 16/17 ബാലൻസ് | 43,000 |
| 9 | സ്കറിയ ജോൺ | 11/17-3/18 | 7,500 |
| 10 | സുരേഷ് കുമാർ | 2017/18 ബാലൻസ് | 1 |
| | | **ആകെ** | **69,990** |

മേൽ സൂചിപ്പിച്ചിരിക്കുന്ന കുടിശിക തുക നിയമാനുസൃത പിഴപലിശ ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-8 കടമുറി ഒഴിഞ്ഞു കിടന്നതു മൂലം വരുമാനനഷ്ടം

മുൻവർഷങ്ങളിൽ വാടകയ്ക്ക് നൽകിയിരുന്ന രണ്ട് കടമുറികൾ 2018-19 വർഷം ആരും ലേലം കൊള്ളാതിരുന്നതു കാരണം പഞ്ചായത്തിനു നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നു.

| റൂം നമ്പർ | വാടകതുക | ഒരു വർഷം ലഭിക്കാമായിരുന്ന കുറഞ്ഞ തുക |
|---|---|---|
| 4/296 | 1,500 | 18,000 |
| 4/298 | 718 | 8,616 |
| | **ആകെ** | **26,616** |

മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അടിയന്തിരമായി ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-9 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നല്കൽ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നല്കൽ എന്ന പുതുക്കിയ ചട്ടം (31.10.17 ലെ സ.ഉ.(പി) നം.80/17/ ത.സ്വ.ഭ.വ (എസ്.ആർ.ഒ നം.674/17)പ്രകാരം വിവിധ വ്യാപാര സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് മൂലധനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 15.3.18 ലെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ഫീസാണ് 18-19 വർഷം ഈടാക്കിയിട്ടുള്ളത്.

ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്)പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷത്തെയും ലൈസൻസ് അപേക്ഷാ രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നത്. ഓരോ വർഷവും ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി എടുക്കുകയാണ് ചെയ്തു വരുന്നത്. ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 363 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‍വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി

നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1004 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 131 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 3 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 5 |
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 71 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 25 |
| **ആകെ എണ്ണം** | **1239** |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1239 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 363 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ഡി ആന്റ് ഒ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-10 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

1) കെട്ടിട നിർമാണ പെർമിറ്റിന്റെ കാലാവധി 3 വർഷമായതിനാൽ 2015-16 ൽ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടങ്ങൾ 2018-19 ൽ നിർമാണം പൂർത്തീകരിച്ച് നികുതി നിർണയത്തിന് വിധേയമാക്കേണ്ടതും നമ്പർ നൽകേണ്ടതുമാണ്. സമയപരിധിക്കുള്ളിൽ അപേക്ഷിക്കുന്നുവെങ്കിൽ പെർമിറ്റ് കാലാവധി നീട്ടി നൽകുകയോ സമയപരിധിക്കു ശേഷമാണെങ്കിൽ ഫീസ് ഇടാക്കിക്കൊണ്ട് പെർമിറ്റ് പുതുക്കുകയോ ചെയ്യേണ്ടതാണ്. 2015-16 ൽ 92 കെട്ടിടങ്ങളുടെ നിർമാണത്തിന് പെർമിറ്റ് നൽകിയിട്ടുള്ളതായി കാണുന്നു. സഞ്ചയ പ്രകാരം ഈ കാലയളവിൽ പെർമിറ്റ് എടുത്തവയിൽ 50 കെട്ടിടങ്ങളുടെ (ചില കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ നൽകിയിട്ടുള്ളതിനാൽ 50 ൽ താഴെ) നികുതി നിർണയം മാത്രമേ നടത്തിയിട്ടുള്ളൂ. പൂർത്തീകരിച്ചിട്ടില്ലാത്തതോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ലാത്തതോ ആയ കെട്ടിടങ്ങൾക്കു മേൽ അനധികൃത നിർമാണം എന്ന് കണക്കാക്കി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് പെർമിറ്റ് പുതുക്കുന്നതിനായോ നമ്പർ ലഭിക്കുന്നതിനായോ ലഭിക്കുന്ന അപേക്ഷകളിൻമേൽ നടപടികൾ സ്വീകരിച്ചു വരുന്നുള്ളൂ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ A2-9038/17.12.18 ആയി ഇൻഡസ് ടവേഴ്സിന്റെ മൊബൈൽ ടവറിന്റെ നിർമാണം റഗുലറൈസ് ചെയ്യുന്നതിന് ഫീസ് 5,000 വും അപേക്ഷാഫീസ് 20 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ 24.07.15 ൽ പെർമിറ്റ് എടുക്കുകയും നിർമാണം പൂർത്തീകരിച്ച് 17.12.18 നമ്പറിംഗിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തതിനെ തുടർന്ന് കാലാവധി കഴിഞ്ഞതിനാൽ പിഴയായി 5,000 രൂപ ഒടുക്കുന്നതിന് കത്തിൽ നിർദേശിക്കുകയാണ് ചെയ്തിരിക്കുന്നത്. 24.07.15 ൽ പെർമിറ്റ് എടു ക്കുമ്പോൾ 14 m2 വിസ്തീർണം ആയിരുന്നെങ്കിലും അസസ്മെന്റിൽ ആകെ 53.39 m2 വിസ്തീർമുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസായി 338 രൂപ 25.03.19 (118040106845)ലും 65 രൂപ 27.04.19 (119040100303)ലും ഈടാക്കിയിരിക്കുന്നു. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 24.07.15 ൽ പെർമിറ്റ് എടുക്കുമ്പോൾ ഫീസ് ഈടാക്കിയിട്ടില്ലായെന്നും ചട്ടങ്ങൾ പ്രകാരം നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പുതുക്കിയതാണെന്ന് പറഞ്ഞിരിക്കുന്നു. ഫീസ് ഈടാക്കാതെ പെർമിറ്റ് നൽകിയ നടപടി അംഗീകരിക്കുന്നില്ല. ഫീസ് തുക 10,000 രൂപ പലിശ സഹിതം ഈടാക്കേണ്ടതും, അല്ലാത്തപക്ഷം പെർമിറ്റ് അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2018-19 തുടക്കത്തിൽ അടിസ്ഥാനപരമായ രേഖപ്പെടുത്തലുകൾ ഇല്ല. നിർമിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണം, FAR, പെർമിറ്റ് ഫീസ്, ഈടാക്കിയ രസീതു നമ്പർ എന്നിവ ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-11 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അവസാന ഗഡു വകയിരുത്തുകയോ വിനിയോഗിക്കുകയോ ചെയ്യുവാൻ കഴിയാതിരുന്നത് മൂലം ലക്ഷം രൂപ സ്ഥാപനത്തിന് ലാപ്സായി

തൻവർഷം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള അവസാന ഗഡു രൂപ 27.03.2019 ലാണ് സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ലഭിച്ച ടി ഗ്രാന്റ് തുക പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തുന്നതിനോ ചെലവഴിക്കുന്നതിനോ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ടി അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ടി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 വാട്ടർ കിയോസ്ക്ക് സ്ഥാപിച്ചത് - നാളിതുവരെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 131/18 |
| പ്രോജക്ടിന്റെ പേര് | വാട്ടർ കിയോസ്ക്ക് |
| അടങ്കൽ | 70,000 (തനത് ഫണ്ട്) |
| ചെലവ് | 60,697 |
| ചെക്ക് നം./തീയതി | 900074/27.02.2019 |

ടി പ്രോജക്ട് പ്രകാരം തൻവർഷം മൂന്ന് വാർഡുകളിൽ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കുന്നതിന് പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിനാണ് 60,697 രൂപ ചെലവഴിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിൽ ഉൾപ്പെടെ എട്ട് വാർഡുകളിൽ ഇപ്രകാരം പ്ലാറ്റ് ഫോം നിർമ്മിച്ച് 5000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും (റവന്യൂ

വകുപ്പ് ലഭ്യമാക്കിയത്) നാളിതുവരെ ടാങ്കിൽ വെള്ളം നിറയ്ക്കുകയോ, ഉപയോഗക്ഷമമാക്കുകയോ ചെയ്തിട്ടില്ല. സ്ഥലപരിശോധന നടത്തിയതിൽ കിണർ, ജലനിധി പൈപ്പ് സൗകര്യം എന്നിവയുള്ള സ്ഥലങ്ങളിലാണ് ടാങ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. 5000 ലിറ്റർ കപ്പാസിറ്റിയുള്ള 8 വാട്ടർ ടാങ്കുകളും ഏകദേശം 20,000 രൂപ ചെലവിൽ നിർമ്മിച്ച 8 പ്ലാറ്റ്ഫോമുകളും ഉൾപ്പെടെയുള്ള കുടിവെള്ളസംവിധാനങ്ങൾ പാഴായിപ്പോയ സാഹചര്യമാണ് നിലവിലുള്ളത്. ടി സാഹചര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 31.03.2019 ലെ 21801307-ാം നം വൗച്ചർ പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് 10,710/- രൂപ 2018-19 വർഷത്തെ ലീവ് സറണ്ടർ ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ക്രഡിറ്റിലുള്ള ആർജ്ജിതാവധിയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 അവധിയെന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിയ്ക്ക് അർഹതയുണ്ടെന്നും, ഇത്തരത്തിൽ ആർജ്ജിയ്ക്കുന്ന അവധിയിൽ നിന്നും അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി 30 ൽ കവിയാതെ സറണ്ടർ ചെയ്യാവുന്നതാണെന്നും ആണ് സർക്കാർ നിർദ്ദേശം എന്നതിനാൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ നാളിതുവരെയുള്ള ആർജ്ജിതാവധി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ തൻവർഷത്തെ ആർജ്ജിതാവധി വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. ടെക്നിക്കൽ അസിസ്റ്റന്റ് സേവനം ആരംഭിച്ച വർഷം മുതലുള്ള ആർജ്ജിതാവധി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-3 സ്ക്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 47/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | എച്ച്.എം. |
| അടങ്കൽ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 4,53,000 /- |
| ചെലവ് | 4,51,450 /- |
| ബിൽ നം./തീയതി | 3/31.8.18 |

എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 13 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 2 പ്രോജക്ടർ, 3സ്ക്രീൻ, 3 പ്രിന്റർ എന്നിവ കടവിൽ ഇൻഫോടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 3 സ്കൂളുകൾക്കായി നല്കിയിട്ടുണ്ട്. നെടുംകുന്നം ഗവ.ന്യൂ.യു.പി.എസ്.ൽ സ്ഥല പരിശോധന നടത്തിയതിൽ നല്കിയ 6 കമ്പ്യൂട്ടറുകളിൽ ഒരെണ്ണം മാത്രം ഉപയോഗിക്കുന്നതായി കണ്ടു. ബാക്കി 5 കമ്പ്യൂട്ടറുകളും പായ്ക്കിംഗ് പോലും പൊട്ടിക്കാത്ത നിലയിൽ സൂക്ഷിച്ചിരിക്കുന്നു. കമ്പ്യൂട്ടർ സ്ഥാപിക്കുന്ന റൂമിലെ ഇലക്ട്രിക്കൽ വയറിംഗ് ശരിയല്ലാത്തതിനാലാണ് കമ്പ്യൂട്ടർ നാളിതുവരെ ഉപയോഗിക്കാത്തതെന്നും ആയത് ഉടനെ ശരിയാക്കി കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും എച്ച്.എം.അറിയിച്ചു. പ്രാഥമിക സൗകര്യങ്ങൾ ഒരുക്കി വാങ്ങലുകൾ നടത്തേണ്ടതിനു പകരം വാങ്ങലുകൾ നടത്തിയതിനു ശേഷം ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന നടപടി ക്രമപ്രകാരമല്ല. വാങ്ങിയ ഉപകരണങ്ങളെല്ലാം തന്നെ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കി അറിയിക്കുന്നതുവരെ 4,51,450 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 അങ്കണവാടികളുടെ വയറിംഗ് -ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി

പ്രോജക്ട് നം.119/18-19

അടങ്കൽ -1,00,000/-

ചെലവ് - 72,644/- (ബിൽ നം.49/18-19 തീ.28.02.2019 )

2018-19 വർഷം സെക്രട്ടറി ടെണ്ടർ നിർവ്വഹണരീതിയിൽ നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് നിർവ്വഹണത്തിനായി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2.5% കുറവ് ക്വോട്ടുചെയ്ത ഗ്രീൻ എനർജി സൊല്യൂഷൻസ് (കരാർ നം.19/18 തീ.21.12.2017)എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുക്കുകയും 22.12.2017 ലെ എ4. 3831/17-ാം നമ്പരായി വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വേലമൂല്യമായ 72,644/- രൂപയുടെ 2.5% ആയ 1,816/- രൂപ കുറവ് ചെയ്യാതെ കരാറുകാരന് 71,192/- രൂപ (ഐറ്റി-726/-രൂ. KCWWF -726 രൂ എന്നിവ കുറവ് ചെയ്ത്) നൽകിയതായി കാണുന്നു. ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ കുറവ് വന്ന 1,816/-രൂപ ഈടാക്കി അടവാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 വീട് വാസയോഗ്യമാക്കൽ - പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.സി), (എസ്.റ്റി) എന്നീ പ്രോജക്ടുകൾ പ്രകാരം (പ്രോജക്ട് നം.51/19,52/19)50,000 രൂപ വീതം അഡ്വാൻസ് നല്കിയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| | |
|---|---|
| 1 | പൊന്നമ്മ കൃഷ്ണൻകുട്ടി, തയ്യിൽപറമ്പിൽ |
| 2 | തങ്കമ്മ കൃഷ്ണൻകുട്ടി, ശീമോൻപറമ്പിൽ |
| 3 | രാജു ഇ.കെ., അറുവണ്ടൻകുളം |
| 4 | പൊന്നമ്മ, വാഴോലിപ്ലാക്കൽ |
| 5 | സജി കെ.ജി., കരോട്ടുവെച്ചൂർ |
| 6 | ഗോപാലൻപാപ്പൻ, കുമ്പിളുവേലിൽ |
| 7 | ഓമന രാജു, വാഴോലിപ്ലാക്കൽ |
| 8 | മധു കെ. -(52/19) |

ടി ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ മേൽ സൂചിപ്പിച്ച എട്ട് പേർക്ക് നൽകിയ ആകെ അഡ്വാൻസ് തുക 4,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു-ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 56/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 3,51,550 /- |
| ചെലവ് | 3,51,549/- |

പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി KMSCL ന്റെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ ഉള്ളതായി കാണുന്നു.

1) ബിൽ നം.21/1.3.19 പ്രകാരം 4,766 രൂപ നല്കിയതിൽ നാളിതുവരെ ടി തുകയ്ക്കുള്ള സാധനങ്ങൾ ലഭിച്ചിട്ടില്ല..

2) ബിൽ നം.12/14.11.18 പ്രകാരം 57,389 രൂപ നല്കിയതിൽ 16,562 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7) ബിൽ നം 21 പ്രകാരം നല്കിയ 4,766 രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ടെന്ന് അറിയിച്ചു. ബിൽ നം.12 പ്രകാരം 57,389 രൂപ നല്കിയതിൽ മരുന്നുകൾ എല്ലാം ലഭിച്ചിട്ടുണ്ടെന്നും വില വ്യത്യാസം വന്നതിനാലാണ് 40,827 രൂപയുടെ ബാലൻസ് വന്നതെന്നും ടി തുകയ്ക്ക് പി.എച്ച്.സി.യ്ക്ക് ഏറ്റവും അത്യാവശ്യമുള്ള ഇൻസുലിൻ 30/70 നല്കണമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി നല്കി. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 45,593(4766+40827) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-7 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല

2018-19 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 1,50,000/- രൂപ (ബിൽ നം.16/18-19 തീ 20.07.2018)നൽകിയിട്ടുണ്ട്. എന്നാൽ 75,270/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 74,730/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-8 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 44/19 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) | 4,00,000/- |
| ചെലവ് | 4,00,000/- |
| ബിൽ നം. | 1/23.10.18 |

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 4,00,000/ രൂപ മരുന്നു വാങ്ങുന്നതിനായി ഔഷധിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 3,48,365 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. 4,00,000 രൂപയിൽ ബാക്കി നില്ക്കുന്ന 51,635 രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) മരുന്നുകൾ കാലതാമസം കൂടാതെ എത്തിക്കുമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കി. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 51,635 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-9 പാലിയേറ്റീവ് കെയർ -നാളിതുവരെ സാധനങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 38/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | |
|---|---|
| അടങ്കൽ (വികസന ഫണ്ട് -ജനറൽ) | 4,50,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,00,000 |
| ചെലവ് | 4,50,000/-, 1,00,000 |

പാലിയേറ്റീവ് കെയർ എന്ന പ്രോജക്ട് പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി KMSCL ന് ചുവടെ ചേർക്കും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ചെക്ക് നം./ബിൽ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | നൽകിയ തുക |
|---|---|---|
| 2033300/16.3.19 | PRF 5298/15.3.19 | 4,766 |
| 7/6.8.18 | PRF 626/23.7.18 | 8,641 |

എന്നാൽ നാളിതുവരെ ടി തുകയ്ക്കുള്ള സാധനങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ 13,407 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ KMSCL ൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 ലൈഫ് (ജനറൽ)ഭവന നിർമ്മാണം -അവലോകനം

| | |
|---|---|
| പ്രോജക്ട് നം. | 49/19 ലൈഫ്(ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 76,00,000/- |
| ചെലവ് | 61,85,271/- |

മേൽ പ്രോജക്ട് പ്രകാരം 19 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി കരാർ വച്ചതിൽ 11 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|
| 1 | പ്രിൻസി ബാബു | 3,60,000 |
| 2 | ഓമനയമ്മാൾ | 3,00,000 |
| 3 | സുശീല എം.കെ. | 3,00,000 |
| 4 | വത്സമ്മ ജോസ് | 2,85,271 |
| 5 | ശോഭന ഗോപാലകൃഷ്ണൻ | 3,00,000 |
| 6 | അമ്മിണി ജോസഫ് | 3,00,000 |
| 7 | മാത്യു വി.സി. | 3,00,000 |
| 8 | ഗിരിജാ കുമാരി | 40,000 |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കൃഷി വികസനം - സബ്സിഡി തുക പണമായി

## ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഏത്തവാഴ കൃഷി വികസനം, കപ്പകൃഷി വികസനം എന്നീ പദ്ധതികളിൽ വാഴ കന്ന്, കപ്പക്കമ്പ് എന്നിവ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങി കൃഷി ചെയ്തതായും ആയതിന് സബ്സിഡിയായി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയതായും കാണുന്നു. സർക്കാർ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/1/ ത.സ്വ ഭ.വ.14.2.18 ന്റെ ഖണ്ഡിക നം.6.1.4 പ്രകാരം കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ തൈകൾ എന്നിവ കൃഷി ഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങി കൃഷി ചെയ്തതിന് സബ്സിഡി തുക പണമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16) മാർഗ്ഗരേഖ പൊതു നിബന്ധനകൾ 2.8 ൽ വ്യക്തികൾ, ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, ഗുണഭോക്തൃ സമിതികൾ എന്നിവർ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പെടെ) സബ്സിഡി നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയതിനു ശേഷം അക്കൗണ്ടിലേക്ക് തുക നല്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയും ഉന്നമനവും ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതിയാണിവയെന്നും മറുപടി നല്കി.

എന്നാൽ കൃഷിയ്ക്കായുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പൊതുവായ നിർദ്ദേശങ്ങൾ അടിസ്ഥാനപ്പെടുത്തി സബ്സിഡി നല്കുന്നത് അഭികാമ്യമല്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-12 പ്രോജക്ട് 29/19 - കന്നുകുട്ടി പരിപാലനം (വനിത) – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടിൽ ഉൾപ്പെടുത്തി സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാമിന് 15,00,000 രൂപ ചെലവഴിച്ചതായി ചെലവ് പത്രികയിൽ കാണുന്നു. 60 യൂണിറ്റിന് 25,000 രൂപ വീതം ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 7,50,000 രൂപ ബിൽ നമ്പർ 149/28.12.2018 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് അടവാക്കിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ഗുണഭോക്തൃവിഹിതത്തിന്റെ ശേഖരണവും ഒടുക്കലും സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ടി പ്രോജക്ട് പ്രകാരം വിതരണം ചെയ്ത കാലിത്തീറ്റയ്ക്ക് ലഭിച്ച ഗുണഭോക്തൃവിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കാലിത്തീറ്റ വിതരണം ചെയ്ത മാസം | ലഭിച്ച ഗുണഭോക്തൃവിഹിതം | അടവാക്കിയ തുക/തീയതി |
|---|---|---|
| 2/19 | 36,900 | 59970/22.2.19 |
| 3/19 | 36,900 | 58432/25.03.19 |
| 4/19 | 36,900 | 59,970/- തുക അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല |
| **ആകെ** | **1,10,700** | **1,78,372** |

എന്നാൽ തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമല്ലെന്നാണ് അറിയിച്ചത്. തുക ഒടുക്ക് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും 7,50,000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂർ നൽകിയത് - 4 ലക്ഷം രൂപ റീകൂപ്പ് ചെയ്യുവാൻ അവശേഷിക്കുന്നു

തൻവർഷം തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂർ നൽകിയ രൂപയിൽ നാളിതുവരെ റീകൂപ്പ് ചെയ്ത തുക കിഴിച്ച് 4,00,000 രൂപ തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യുവാൻ അവശേഷിക്കുന്നു. ആയത് തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 പ്രോജക്ട് 121/19 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - നാളിതുവരെ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും പലിശ സഹിതം മുൻകൂർതുക തിരികെ ഈടാക്കേണ്ടതാണ്

തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രോജക്ട് പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ മുൻകൂർ ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ടി തുക നിർദ്ദിഷ്ട ലക്ഷ്യത്തിന് വിനിയോഗിക്കുകയോ നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|
| കൃഷ്ണമ്മ, പുളിമൂട്ടിൽ, ചേലക്കൊമ്പ് | 50,000 | 11/17-18/10.1.18 |
| സുമേഷ് കുമാർ, തോണിപ്പാറ | 50,000 | 10/17-18/13.11.17 |

ടി 1,00,000 രൂപ 18% പലിശ സഹിതം നിയമാനുസൃത നടപടികളിൽ കൂടി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 ആദ്യ പാർട്ട് ബില്ലിൽ അധികം തുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട് നം. | 97/19 |
| അടങ്കൽ | 7,05,019/-(വികസന ഫണ്ട്) |
| ചെലവ് | 2,56,107/-(ആദ്യ പാർട്ട് ബിൽ)ബിൽ നം.57/23.3.19<br>1,58,445/-(രണ്ടാം പാർട്ട് ബിൽ)ബിൽ നം.63 /30.3.19 |
| കരാറുകാരൻ | ശ്രീജിത്ത് എസ്. |
| കരാർ നം | 52/AE/LSGD/NKM/2018-19 തീയതി 10.12.18 |
| എം ബുക്ക് നം. | 46/18-19 |

പഞ്ചായത്ത് ഓഫീസ് കെട്ടിടം കൂട്ടിച്ചേർക്കൽ എന്ന പ്രൊജക്ടിനായി ഐറ്റം റേറ്റ് ഇ-ടെൻഡർ ക്ഷണിക്കുകയും ശ്രീജിത്ത് എസ്. എന്ന കരാറുകാരൻ മാത്രം ടെൻഡർ സമർപ്പിക്കുകയും (6,74,302/-) ചെയ്തു. തുടർന്ന് റീടെൻഡർ ചെയ്തപ്പോഴും ടിയാൾ മാത്രം ടെൻഡർ സമർപ്പിച്ചതിനാൽ ടിയാളുടെ ടെൻഡർ (ടെൻഡർ റേറ്റ് -7,00,347/- രൂപ) അംഗീകരിച്ചു. എന്നാൽ ആദ്യ പാർട്ട് ബിൽ തയ്യാറാക്കിയ വേളയിൽ അംഗീകരിച്ച ടെൻഡർ പ്രകാരം ക്വാട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കേണ്ടതിന് പകരം ആദ്യം സമർപ്പിച്ച ടെൻഡർ പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം. | നൽകിയതുക | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | അധികം നൽകിയത് |
|---|---|---|---|
| 1 | 0.307m3 @1500 | 0.307m3 @1350=Rs.414 | 46.5 |

| | | | |
|---|---|---|---|
| | =Rs.460.5 | | |
| 3 | 1.917 m3 @7000<br>=Rs.13419 | 1.917m3 @6000=Rs.11502 | 1917 |
| 7 | 41.58m3 @500<br>=Rs.20790 | 41.58m3 @420=Rs.17463.6 | 3326.4 |
| 8 | 16.568m3 @600<br>=Rs.9940.80 | 16.568m3 @550=Rs.9112.4 | 828.4 |
| 9 | 30.422m3 @680<br>=Rs.20686.9 | 30.422m3 @650=Rs.19774.3 | 912.6 |
| | **ആകെ** | **7030.9 രൂപ** | |

ഇപ്രകാരം അംഗീകരിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ബിൽ തയ്യാറാക്കി തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26) തിരക്ക് മൂലം ആദ്യം സമർപ്പിച്ച ടെൻഡർ ഷെഡ്യൂൾ വെച്ച് ബിൽ തയ്യാറാക്കിപ്പോയതാണെന്നും ഫൈനൽ ബിൽ നല്കുമ്പോൾ തെറ്റായി അധികരിച്ച് നല്കിയ 7,030.9 രൂപ ക്രമപ്പെടുത്തിയതിനുശേഷമേ ബിൽ തുക നല്കുകയുള്ളൂ എന്നും മറുപടി നല്കി. അധികം നല്കിയ തുക ഫൈനൽ ബില്ലിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-16 മാന്തുരുത്തി - കല്ലോലി റോഡ് റീടാറിംഗ് വാർഡ് 1 -ബാരൽ വില, നിയമാനുസൃത ഫൈൻ എന്നിവ ഈടാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 126/19 |
| അടങ്കൽ | 1,36,000 (M.G,Road) |
| ചെലവ് | 1,21,811 |
| ബിൽ നം./തീയതി | 45/18-19/28.2.19 |
| കരാറുകാരന്റെ പേര് | ശ്രീജിത്ത് എസ്. |
| എം.ബുക്ക് നം. | 59/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എഗ്രിമെന്റ് നം./തീയതി | 13/AE/LSGD/NKM/17-18/22.9.17 |

തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയതിന്റെ എം.ബുക്ക് രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ ബിറ്റുമിന്റെ യൂസേജ് സാക്ഷ്യപ്പെടുത്തുകയോ ബിൽ തുകയിൽ നിന്നും ബാരലിന്റെ വില ഈടാക്കുകയോ ചെയ്തിരുന്നില്ല.
2. സാങ്കേതികാനുമതി രേഖകൾ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. കരാറിലേർപ്പെട്ടത് 22.9.2017 ലാണ്. അതായത്, 22.12.2017നകം നിയമാനുസൃതം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്ത്

സാക്ഷ്യപ്പെടുത്തിയത് 30.01.2019 ലാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം ഫയലിൽ വ്യക്തമാക്കുകയോ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ വാങ്ങി ഭരണസമിതി തീരുമാനമെടുക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഇത് പൊതുമരാമത്ത് ചട്ടങ്ങളുടെ ലംഘനമായി കണക്കാക്കുന്നു. പൊതുമരാമത്ത് മാന്വൽ ഖ. 2112-1 പ്രകാരം ദീർഘിപ്പിച്ച് നൽകാവുന്ന കാലാവധിയുടെ പരിധി പൂർത്തീകരണ കാലാവധിയുടെ 50% ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമല്ലാതെ 1% മാത്രം പിഴ ഈടാക്കിയതിന്റെ അടിസ്ഥാനം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

3.സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്ഥിരനിക്ഷേപ രസീതുകളുടെ കാലാവധി ഡിഫക്ട്സ് ലയബിലിറ്റി പീരീഡ് കഴിഞ്ഞ് കാലാവധിയുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നില്ല.

മേൽ അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.12) ലഭിച്ച മറുപടിയിൽ എം. ബുക്കിൽ ബിറ്റുമിന്റെ യൂസേജ് 243.75kg എന്ന് ചേർത്ത് സാക്ഷ്യപ്പെടുത്തിയെന്ന് അറിയിച്ചിട്ടുണ്ട്. ബാരൽവില തിരികെ ഈടാക്കുന്നതാണെന്നും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫൈൻ ഒഴിവാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി തീരുമാനം പരിശോധിച്ചതിൽ ചില പ്രവൃത്തികളെ ഒഴിവാക്കിയതായാണ് തീരുമാനം എടുത്തിട്ടുള്ളത്. എന്നാൽ ടി ബില്ലിൽ 1% ഫൈൻ ഈടാക്കിയിട്ടുള്ളതായും കാണുന്നു. ടി കരാറുകാരനെ ഫൈനിൽ നിന്നും ഒഴിവാക്കിയതിന് കരാറുകാരന്റെ അപേക്ഷ സഹിതം വ്യക്തമായ തെളിവുകൾ ഹാജരാക്കാത്ത പക്ഷം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഫൈനും ബാരൽവിലയും കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 1,21,811 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 ഖരമാലിന്യ നിർമ്മാർജ്ജനം

പ്രോജക്ട് നം.7/18-19

അടങ്കൽ - 2,58,000(വികസനഫണ്ട്)

ചെലവ് - 2,58,000

2018-19 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ഖരമാലിന്യനിർമ്മാർജ്ജനത്തിന് ബാബു കെ. എന്നയാളുമായി കരാറിലേർപ്പെട്ടിരുന്നു. പ്രതിമാസം 22,000 രൂപ നിരക്കിന് നെടുങ്കുന്നം മാർക്കറ്റിലെ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ കരാറുകാരൻ സംസ്കരിച്ചുകൊള്ളാമെന്നായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ എപ്രകാരമാണ് സംസ്കരിക്കുന്നതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. അജൈവമാലിന്യങ്ങൾ കരാറുകാരൻ കുഴിച്ചുമൂടുകയാണ് ചെയ്യുന്നതെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ കുഴിച്ചുമൂടുന്നത് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ആശ്രയ പദ്ധതി

2018-19 വർഷം 2,00,000/- രൂപ വികസനഫണ്ടിൽ നിന്നും കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിലേക്ക് നൽകുകയും ഒരു ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിന് 95,392/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒന്നാം ഘട്ട ആശ്രയ പദ്ധതിക്ക് ശേഷം അഗതി രഹിത കേരളം പദ്ധതിക്കായി സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ആശ്രയപദ്ധതിക്കായി ആംരംഭിച്ച അക്കൗണ്ടിൽ 6,32,044 രൂപ അവശേഷിക്കുന്നു. അഗതിരഹിത കേരളം പദ്ധതിക്കുള്ള ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 12.09.2018 | 2,00,000 | 40/19-ശാസ്താംകാവ്-ചാരുവേലി റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 12.09.2018 | 1,00,000 | 69/19-പതിക്കൽപ്പടി-ഇരട്ടക്കുളം റോഡ് കോൺക്രീറ്റിംഗ് | 1,00,000 | 0 |
| | 12.09.2018 | 2,00,000 | 76/19-പനങ്ങാംകുന്നേൽ-ഓലിക്കര റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 31.12.2018 | 5,00,000 | 96/19-ഗ്രാമപഞ്ചായത്ത് ശ്മശാനം നവീകരണം | 0 | 5,00,000 |
| | 12.09.2018 | 4,45,564 | 49/19-ലൈഫ് ഭവന നിർമ്മാണം ജനറൽ | 4,45,564 | 0 |
| | 12.09.2018 | 1,34,750 | 50/19-ലൈഫ് ഭവന നിർമ്മാണം എസ്.സി. | 1,34,750 | 0 |
| | 12.09.2018 | 2,00,000 | 25/19-പാൽ സബ്സിഡി ജനറൽ | 2,00,000 | 0 |
| | 28.09.2018 | 50,000 | 36/19-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| | 28.09.2018 | 83,330 | 35/19-അങ്കണവാടി പോഷാകാഹാരം - ജനറൽ | 83,330 | 0 |
| | 14.11.2018 | 2,00,000 | 79/19 - ചാത്തനാട്ടുപടി -പതിക്കൽപ്പടി റോഡ് - കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 22.12.2018 | 1,00,000 | 38/19-പാലിയേറ്റീവ് പരിചരണം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 01.02.2018 | 30,00,000 | 149/18-കിണർ റീചാർജിംഗ് (സ്പിൽ ഓവർ) | 12,38,730 | 1761270 |
| | 01.02.2018 | 2,87,500 | 12/18-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,85,836 | 1664 |

| | | | | | |
|---|---|---|---|---|---|
| | 12.09.2018 | 1,00,000 | 35/19-അങ്കണവാടി പോഷാകാഹാരം - ജനറൽ | 1,00,000 | 0 |
| | 28.09.2018 | 6,52,544 | 49/19-ലൈഫ് ഭവന നിർമ്മാണം ജനറൽ | 6,52,544 | 0 |
| | 28.03.2019 | 7030.924,000 | 111/19-കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും ധനസഹായം | 24,000 | 0 |
| | 28.09.2018 | 1,50,237 | 50/19-ലൈഫ് ഭവന നിർമ്മാണം എസ്.സി. | 1,50,237 | 0 |
| | 22.03.2019 | 2,00,000 | 25/19-പാൽ സബ്സിഡി ജനറൽ | 2,00,000 | 0 |
| | 21.01.2019 | 3,00,000 | 36/19-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,64,200 | 135800 |
| | 21.01.2019 | 4,20,000 | 37/19-സ്നേഹസ്പർശം കട്ടിൽ | 4,20,000 | 0 |
| | 21.03.2019 | 2,00,000 | 84/19-അമ്പിപറമ്പിൽ അച്ചനാപുരയിടം റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 21.03.2019 | 2,00,000 | 80/19-ചാത്തൻപാറ-മിഷൻതോപ്പ് റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 21.03.2019 | 2,00,000 | 83/19-മാണികുളം -മുതിരമല റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 21.03.2019 | 2,00,000 | 68/19-കിടിത്തറ-ചമ്പന്നൂർ റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| | 22.01.2019 | 8,50,000 | 102/19-114-ാം നമ്പർ തൊട്ടിക്കൽ അങ്കണവാടി നിർമ്മാണം | 65,125 | 7,84,875 |
| | 22.01.2019 | 5,00,000 | 103/19- 67-ാം നമ്പർ അങ്കണവാടി നിർമ്മാണം | 80,855 | 4,19,145 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വരവിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് ഭവനപദ്ധതി | സ.ഉ.നം.72858/ ഡി.ബി/1/14/ തസ്വഭവ 25.11.14 | 50,00,000 | 16,76,222 | 10,00,000 | - | 6,76,222 |
| കെ.യു.ആർ.ഡി. എഫ്.സി | | 13,01,892 | 13,01,892 | 0 | 0 | 13,01,892 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16,42,500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ വരവ് | 1,98,203 |
| ആകെ | 18,40,703 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18,40,703 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | എഫ്.ഡി.നം | തീയതി | തുക |
|---|---|---|---|---|
| സ്ഥിര നിക്ഷേപം | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 0633 | 17.10.2018 | 5,42,500 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 882 | 17.10.18 | 5,88,613 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 722 | 17.2.19 | 3,54,795 |
| | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 2080 | 16.02.19 | 3,54,795 |
| **ആകെ** | | | | **18,40,703** |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 150 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 2(6) 1 | 150 | ബി.ആർ.സി., കറുകച്ചാൽ | 118040105799/8.2.19 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

# വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻ പാറ ജലസേചന പദ്ധതി-ആവിഷ്കരണത്തിൽ അപാകത -തുക പാഴ്ച്ചെലവായി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,03,48,250 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,78,95,442 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 79,990 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,847 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,08,626 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-7 | 69,990 | | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 2-10 | 10,000 | | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-4 | | 1,816 | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-15 | | 7,031 | ശ്രീമതി രശ്മി എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **79,990** | **8,847** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 4,51,450 | ശ്രീമതി കെ.ബീന, ഹെഡ്മിസ്ട്രസ് |

| | | |
|---|---|---|
| 3-5 | 4,00,000 | ശ്രീമതി ലൈലാമോൾ വർഗ്ഗീസ്, വി.ഇ.ഒ. |
| 3-6 | 45,593 | ഡോ.രാജേഷ് ഏബ്രഹാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-7 | 74,730 | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-8 | 51,635 | ഡോ.അഞ്ജന എൻ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-9 | 13,407 | ഡോ.രാജേഷ് ഏബ്രഹാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-12 | 7,50,000 | ഡോ.മാത്യു ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 3-16 | 1,21,811 | ശ്രീമതി രശ്മി എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **19,08,626** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.സജിത്ത് ടി., സെക്രട്ടറി, നെടുംകുന്നം ഗ്രാമപഞ്ചായത്ത് | | സജിത്ത് ഭവൻ, ചാന്നാനിക്കാട് പി.ഒ., കോട്ടയം-686533 |
| ശ്രീമതി രശ്മി എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ, നെടുംകുന്നം ഗ്രാമപഞ്ചായത്ത് | | വാഴേപ്പറമ്പിൽ, വടവാതൂർ പി.ഒ., കോട്ടയം-686010 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(4)18/ 1.2.18 | 4 | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(5)18/ 1.2.18 | 1 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(6)18/ 1.2.18 | 8 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി5-1549/2016(7)/ 30.12.17 | 1 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(7)18/ 1.2.18 | 1 | |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(8)18/ | 2 | |

| | | | |
|---|---|---|---|
| | 1.2.18 | | |
| 2012-13 | എൽ.എഫ്.കെ.പി5/491/15/3.8.15 | 22 | |
| 2013-14 | എൽ.എഫ്.കെ.പി5/814/2016/7.9.16 | 10 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5-605/2018/7.4.18 | 21 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5-1460/2017(2)/ 21.12.17 | 17 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5-1460/2017(1)/ 29.12.17 | 13 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/82/2019/13.5.19 | 15 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.ടി.എം.പി5/1040/2019

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 19.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ** വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം